# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 1833. 17/12/2012 - ലെ മറുപടിക്ക്**

**ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (കോമേഴ്സ്) സീനിയർ & ജൂനിയർ, നോൺ വൊക്കേഷണൽ ടീച്ചർ തസ്തികകളിലേയ്ക്ക് നടത്തിയ പി.എസ്.സി. പരീക്ഷ**

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ | | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (കോമേഴ്സ്) സീനിയർ & ജൂനിയർ, നോൺ വൊക്കേഷണൽ ടീച്ചർ തസ്തികകളിലേയ്ക്ക് 27.6.2012-ൽ പി.എസ്.സി. പരീക്ഷ നടത്തിയിരുന്നുവോ; | (എ) | HSST, VHSE (Commerce) തസ്തികയിലേക്ക് 27.06.2012-ൽ ഒരു OMR പരീക്ഷ നടത്തിയിരുന്നു. |
| (ബി) | മുൻകാലങ്ങളിൽ മേൽപ്പറഞ്ഞ തസ്തികകളിലേക്ക് പ്രത്യേകമായി പരീക്ഷ നടത്തിയിരുന്നത് ഒഴിവാക്കി ഇപ്പോൾ ഒറ്റ പരീക്ഷയായി നടത്തുവാൻ ഉണ്ടായ സാഹചര്യം എന്താണ് ; വിശദമാക്കുമോ ; | (ബി) | HSST Commerce (Sr,Jr) തസ്തികയുടെയും Vocational, Non Vocational തസ്തിക എന്നിവയുടെയും അടിസ്ഥാന യോഗ്യത ഏകദേശം തുല്യമായതിനാൽ നിയമനപ്രക്രിയ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായാണ് പൊതുപരീക്ഷ നടത്തുവാൻ കമ്മീഷൻ തീരുമാനിച്ചത്. ടി പരീക്ഷയുടെ അടിസ്ഥാനത്തിൽ വെവ്വേറെ Rank List- കൾ പ്രസിദ്ധീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പരീക്ഷ നടത്തുന്ന സമയത്ത് നിശ്ചിത യോഗ്യത ഇല്ലാത്തവരും യു.ജി.സി സ്കെയിലിൽ ലക്ച്ചറർ പോസ്റ്റിൽ ജോലിനോക്കുന്നവരും | (സി) | അപേക്ഷയിൽ യോഗ്യത അവകാശപ്പെട്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്. ഉദ്യോഗാർത്ഥികളെ പരീക്ഷയിൽ പങ്കെടുപ്പിച്ചിരിക്കുന്നത്. 500-ൽ താഴെ അപേക്ഷകരുള്ള |

(..2)

| | | | |
|---|---|---|---|
| | മേൽ തസ്തികയിലേക്കുള്ള പരീക്ഷയിൽ പങ്കെടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | തസ്തികയിൽ മാത്രമേ പരീക്ഷയ്ക്കുമുൻപായി അപേക്ഷകളുടെ പരിശോധന നടത്താറുള്ളൂ. |
| (ഡി) | ഈ സാഹചര്യത്തിൽ അനർഹരായവർ ചുരുക്കപ്പട്ടികയിൽ കടന്നുകൂടുവാൻ സാഹചര്യമുള്ളതിനാൽ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ സൂക്ഷ്മപരിശോധന നടത്തി ഉദ്യോഗാർത്ഥികളുടെ ആശങ്ക ദൂരീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | അപേക്ഷയിൽ യോഗ്യത അവകാശപ്പെടുന്ന നിശ്ചിത മാർക്ക് നേടുന്നവർ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടാറുണ്ട് എന്നിരുന്നാലും ഇന്റർവ്യൂവിന് മുന്നോടിയായുള്ള പ്രമാണ പരിശോധനയിൽ നിശ്ചിത യോഗ്യത കരസ്ഥമാക്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷ നിരസിക്കുന്നതാണ്. യോഗ്യത നേടിയിട്ടില്ലാത്തവരെ Rank List -ൽ ഉൾപ്പെടുത്താറില്ല. |

(signature)

**സെക്ഷൻ ഓഫീസർ.**